# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 846 — **11.06.2014 -ൽ മറുപടിയ്ക്ക്**

## ചമ്രവട്ടം റഗുലേറ്റർ -കം-ബ്രിഡ്ജ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി.മമ്മൂട്ടി | | ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പു മന്ത്രി) | |
| എ) | തിരൂർ ചമ്രവട്ടം റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ ചോർച്ച സംബന്ധിച്ച് നിർമ്മാണത്തിനുണ്ടായ അപാകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) & ബി) | തിരൂർ ചമ്രവട്ടം റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ ചോർച്ച സംബന്ധിച്ച് നിർമ്മാണത്തിൽ അപാകതകൾ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല റഗുലേറ്റർ-കം- ബ്രിഡ്ജിന്റെ നിർമ്മാണത്തിൽ ക്രമക്കേടുകൾ ഉണ്ടായിട്ടില്ലാത്തതിനാൽ അന്വേഷണം നടത്തിയിട്ടില്ല. എന്നാൽ അനിയന്ത്രിതമായ മണലെടുപ്പു മൂലം പുഴയുടെ അടിത്തട്ട് ക്രമാതീതമായി താഴ്ന്നതു മൂലമുള്ള പൈപ്പിംഗ് പ്രതിഭാസമാണ് ഇവിടെ ഉണ്ടായിട്ടുള്ള ചോർച്ചയുടെ കാരണമെന്ന് വിലയിരുത്തിയിട്ടുണ്ട്. |
| ബി) | ഇതു സംബന്ധിച്ചുണ്ടായ ക്രമക്കേടിനെക്കുറിച്ച് അന്വേഷണം ഏതെങ്കിലും ഏജൻസി ഇതുവരെ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽഅന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഇല്ലെങ്കിൽ അന്വേഷണം നടത്താതിരുന്നതിനുള്ള കാരണം വ്യക്തമാക്കുമോ; | | |
| സി) | ചമ്രവട്ടം റഗുലേറ്റർ-കം- ബ്രിഡ്ജിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; | സി) | സമീപ പഞ്ചായത്തുകളിലേയും മുനിസിപ്പാലിറ്റികളിലേയും വിവിധ പദ്ധതികൾക്ക് കൃഷിക്കും കുടിവെള്ളത്തിനുമായി ജലം സംഭരിക്കുക, എൽ.ഐ.സ്കീമുകൾ വഴി 4344 ഹെക്ടർ സ്ഥലത്ത് കൃഷിക്ക് വേണ്ട ജലം ലഭ്യമാക്കുക, ഉപ്പുവെള്ളം കയറി ജലസ്രോതസ്സുകൾ |

| | | | |
|---|---|---|---|
| | | | മലിനമാകുന്നത് തടയുക, ടൂറിസം അനുബന്ധമായ പദ്ധതികൾ അഭിവൃദ്ധി പ്പെടുത്തുക, കോഴിക്കോട്- കൊച്ചി റൂട്ടിലെ യാത്രാദൂരം ഗണ്യമായി കുറയ്ക്കുക, സമീപ താലൂക്കുകളായ തിരൂരിനെയും പൊന്നാനിയെയും ബന്ധിപ്പിക്കുക തുടങ്ങിയ വിവിധോദ്ദേശ്യ ലക്ഷ്യങ്ങൾ കൈവരി ക്കുന്നതിനാണ് ചമ്രവട്ടം റഗുലേറ്റർ-കം- ബ്രിഡ്ജ് വിഭാവനം ചെയ്യുന്നത്. |
| ഡി) | ഇതിന്റെ നിർമ്മാണ പ്രവൃത്തികൾ എന്നാരംഭിച്ചു;എപ്പോൾ പൂർത്തിയായി എന്നറിയിക്കുമോ; | ഡി) | നിർമ്മാണം 05.06.2009 - ൽ ആരംഭിച്ചു. 99% പ്രവൃത്തികളും പൂർത്തിയായി. |
| ഇ) | ഈ പദ്ധതിയുടെ അടങ്കൽ തുക എത്രയാണ് ; എത്ര തവണ അടങ്കൽ തുക പുതുക്കി നൽകി ; ഉത്തരവുകളുടെ പകർപ്പ് നൽകുമോ ; | ഇ) | <u>പദ്ധതിയുടെ അടങ്കൽ തുക</u> : -<br>സാങ്കേതിക അനുമതി - 119 കോടി<br>ഭരണാനുമതി - 113 കോടി<br>ഒറിജിനൽ എസ്റ്റിമേറ്റ്<br>പി.എ.സി. - 108.66 കോടി<br>എഗ്രിമെന്റ് വെച്ച തുക<br>(ടെൻഡർ എക്സ്സസ് ഉൾപ്പെടെ) - 128.213 കോടി<br><br>3 തവണ അടങ്കൽ തുക പുതുക്കി നൽകിയിട്ടുണ്ട്. ഒന്നാമത്തെ തവണ 134.3 കോടി രൂപക്കും രണ്ടാമത്തെ തവണ 134.28 കോടിക്കും മൂന്നാമത്തെ തവണ 134.27 കോടി രൂപക്കുമാണ് അടങ്കൽ തുക പുതുക്കിയിട്ടുള്ളത്.<br>ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| എഫ്) | പണി പൂർത്തീകരിച്ചപ്പോൾ ചെലവായ തുക എത്രയെന്ന് അറിയിക്കുമോ ; | എഫ്) | 99% പ്രവൃത്തി പൂർത്തീകരിച്ചപ്പോൾ ചക്രവട്ടം പദ്ധതിക്കായി ഇതുവരെ 144.65021 കോടി രൂപ ചെലവായിട്ടുണ്ട്. |
| ജി) | ഇതിന്റെ നിർമ്മാണം ഏത് കരാറുകാരനാണ് നടത്തിയത് ; നാളിതുവരെ എത്ര തുക കരാറുകാരന് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | ജി) | ഇതിന്റെ നിർമ്മാണം Ramky ഇൻഫ്രാസ്ട്രക്ചർ, ഹൈദരാബാദ് എന്ന കരാറുകാരനാണ് നടത്തിയത്. നാളിതുവരെ 144.65021 കോടി രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. |
| എച്ച്) | പണി ആരംഭിച്ചതുമുതൽ പൂർത്തിയായതുവരെ നിർമ്മാണ പ്രവൃത്തികൾക്ക് മേൽനോട്ടം വഹിച്ചത് ആരൊക്കെ എന്ന് വിശദമാക്കുമോ ; | എച്ച്) | **എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ**<br>1. എം.കമലം - 07-06-2007 മുതൽ 14.07.2011 വരെ<br>2. എ. ഉസ്മാൻ - 14.07.2011 മുതൽ 02.09.2011 വരെ (പൂർണ്ണ അധിക ചുമതല)<br>3. എ.വി.ചന്ദ്രൻ - 02.09.2011 മുതൽ 21.10.2013 വരെ<br>4. എ. ഉസ്മാൻ - 22.10.2013 മുതൽ തുടരുന്നു)<br><br>**അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ**<br>1. കെ.പി.സെയ്ഫുള്ള<br>**അസിസ്റ്റന്റ് എഞ്ചിനീയർമാർ**<br>1) കെ.ടി.ബാപ്പുട്ടി<br>2) എം.എൻ. സജിത്ത്<br>**തേഡ് ഗ്രേഡ് ഓവർസിയർമാർ**<br>1) പാത്തുമ്മക്കുട്ടി.കെ.<br>2) രാധാകൃഷ്ണൻ.എ.കെ.<br>3) വേണുഗോപാൽ വി.ആർ |

3) വേണുഗോപാൽ വി.ആർ
4) ഗിരിധരൻ എ.കെ.
5) മുരളീധരൻ എം.
6) ഷംസുദ്ദീൻ വാറങ്കോട്ട്
7) രാജീവ് പി.എ.

| | | | |
|---|---|---|---|
| ഐ) | എത്ര കരാറുകാരാണ് ഈ പ്രവൃത്തി ഏറ്റെടുത്ത് പൂർത്തിയാക്കിയത്; ഏതൊക്കെ ഘട്ടങ്ങൾ; പേരും വിലാസവും ഉൾപ്പെടെയുള്ള വിശദാംശങ്ങൾ നൽകുമോ? | ഐ) | ഒരു കരാറുകാരൻ മാത്രമാണ് ഈ പ്രവൃത്തി ഏറ്റെടുത്ത് നടത്തിയിട്ടുള്ളത് ഇതിന്റെ മുഴുവൻ ഘട്ടങ്ങളും പ്രസ്തുത കരാറുകാരനാണ് പ്രവൃത്തി ചെയ്തത്.<br>**പേരും വിലാസവും**<br>രാംകി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്<br>രാംകി ഭവൻ<br>സോമാജി ഗുഡ, ഹൈദരാബാദ്.<br>വിലാസം മാറിയതായി കരാറുകാർ കത്തയച്ചതിൻപ്രകാരം പുതുക്കിയ വിലാസം<br>Ramky Grandiose,<br>Floor -10,11<br>Ramky Tower Complex<br>Gahibowli, Hyderabad. |
| ജെ) | ചമ്രവട്ടം റഗുലേറ്റർ-കം- ബ്രിഡ്ജിന്റെ നിർമ്മാണത്തിന് ഭരണാനുമതി നൽകിയത് എന്നാണ്; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ? | ജെ) | ജി.ഒ.(ആർ.ടി.)നംപർ.679/2008/ജവിവ തീയ്യതി 30.06.2008 ന്റെ ഓർഡർ പ്രകാരമാണ് ചമ്രവട്ടം റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണത്തിന് ഭരണാനുമതി കിട്ടിയത്.<br>ഉത്തരവിന്റെ പകർപ്പ് അനുബന്ധം V ആയി ചേർത്തിട്ടുണ്ട്. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ